**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**<u>അസിസ്റ്റന്റ് കമാൻഡന്റ് തസ്തികയിലേക്ക് നിയമനം</u>**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 204 27/02/2017-ൽ മറുപടിക്ക്**

**ചോദ്യം** — **ശ്രീ.ഇ.പി.ജയരാജൻ**

**മറുപടി** — **പിണറായി വിജയൻ (മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | കേരള പോലീസ് വകുപ്പിൽ ആംഡ് പോലീസ് ബറ്റാലിയനിൽ അസിസ്റ്റന്റ് കമാൻഡന്റ് തസ്തികയിൽ എത്ര ഒഴിവുകൾ നികത്തപ്പെടാനുണ്ട് ; | (എ) | ആംഡ് പോലീസ് ബറ്റാലിയനിൽ അസിസ്റ്റന്റ് കമാൻഡന്റ് തസ്തികയിൽ 2 ഒഴിവുകളാണുള്ളത്. |
| (ബി) | ആംഡ് പോലീസ് ഇൻസ്പെക്ടർ തസ്തികയിൽ നിന്നും അസിസ്റ്റന്റ് കമാൻഡന്റ് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുവാൻ നിർദ്ദേശം നൽകുമോ ; | (ബി) | അസിസ്റ്റന്റ് കമാൻഡന്റ് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിനുള്ള സത്വര നടപടി സ്വീകരിച്ചുവരികയാണ്. |
| (സി) | നിരവധി ഒഴിവുകളുണ്ടായിട്ടും ആംഡ് പോലീസ് സബ് ഇൻസ്പെക്ടർ തസ്തികയിൽ നിന്നും ആംഡ് പോലീസ് ഇൻസ്പെക്ടർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകുവാൻ വകുപ്പുതലത്തിൽ അനാവശ്യമായ കാലവിളംബം ഉണ്ടാകുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | സീനിയോറിറ്റി തർക്കങ്ങൾ മൂലമാണ് ആംഡ് പോലീസ് ഇൻസ്പെക്ടർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിൽ കാലതാമസം നേരിട്ടത്. ആംഡ് പോലീസ് സബ് ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റ് റിവൈസ് ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഉദ്യോഗക്കയറ്റത്തിനു വേണ്ടിയുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ഇക്കാര്യത്തിൽ ക്രമപ്രകാരമുള്ള നടപടി പൂർത്തിയാക്കുന്നതിനുള്ള സമയം മാത്രമാണ് വേണ്ടിവരുന്നത്. |
| (ഡി) | ഈ കാലതാമസം പരിഹരിച്ച് ഉദ്യോഗക്കയറ്റം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (ഡി) | ഉദ്യോഗക്കയറ്റത്തിനു വേണ്ടിയുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. അത് തയ്യാറായാലുടൻ പ്രമോഷൻ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ